വാർത്തകൾ

# ഗ്ലോബൽ അവാർഡുകളുടെ ചോർച്ച

മെൽബൺ: കേരളത്തിൽ അവാർഡുകളെന്നത് തഴച്ചു വരുന്ന ഒരു കച്ചവടമാണ്. കാണേണ്ട രീതിയിൽ കണ്ടാൽ അവിടെ ആർക്കും ഏത് അവാർഡ് ലഭിക്കും. പ്രസ്തുത അവാർഡുകളിപ്പോൾ സഹ്യസാനുക്കളും കടലുകളും താണ്ടി മലയാളികൾ പാർക്കുന്ന മരുഭൂമികൾ വരെയെത്തി. ഇന്ത്യയുടെ പരമോന്നത ബഹുമതികളായ പത്മ പുരസ്കാരങ്ങളിൽ വരെ അഴിമതി നടക്കുന്നതായി പ്രമുഖ മാധ്യമങ്ങൾ അടുത്തിടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അടുത്ത കാലത്താണ് ഓസ്ട്രേലിയയിൽ ഇത്തരം അവാർഡ് പ്രഖ്യാപനവും സമർപ്പണവും കുടിയേറിയത്. ഒരു തട്ടുകടപോലും ഇവിടെ ഇല്ലാത്ത വ്യക്തി ഓസ്ട്രേലിയായുടെ ബിസിനസ് അച്ചിവ്മെൻറ് അവാർഡിന് അർഹത നേടി. കഴിഞ്ഞ വർഷം ഈ അവാർഡ് പ്രഖ്യാപിക്കുമ്പോൾ മറ്റ് ചില പ്രഖ്യാപനങ്ങൾ കൂടി ഉണ്ടായിരുന്നു. ഓസ്ട്രേലിയായിൽ വമ്പൻ ബിനിനസുകൾ ഉടൻ തുടങ്ങുമെന്ന്. എന്തായാലും നാളിതുവരെ അത് ഉണ്ടായില്ല. പ്രസ്തുത വ്യക്തിയെ കാണുന്നുമില്ല.

ഇപ്പോഴത്തെ ഗ്ലോബൽ അവാർഡ് ഒന്നിലധികം പേർക്കാണ് പ്രഖ്യാപിച്ചത്. കേരളത്തിൽ അവാർഡ് പ്രഖ്യാപിച്ചപ്പോൾ പത്ത് പേരുകൾ ഉണ്ടായിരുന്നു. എന്നാൽ മെൽബണിൽ അവാർഡ് പ്രഖ്യാപിച്ചാൽ എട്ടു പേരായി ചുരുങ്ങി. ഈ ചോർച്ച എങ്ങനെ സംഭവിച്ചുവെന്ന് അറിയില്ല. മെൽബണിൽ നിന്നുള്ള മനോരമ പ്രവാസി പേജിൽ എട്ട് പേർക്കാണ് അവാർഡ് നൽകുമെന്ന വിവരം.

സംഘടനയുടെ ഔദ്യോഗിക അവാർഡ് പ്രഖ്യാപനത്തിൽ ഉണ്ടായിരുന്ന ശ്രീകണ്ഠൻ നായർ (ഏഷ്യാനെറ്റ്), വിവേക് ആനന്ദ് (പ്രിൻറ് മീഡിയ) എന്നിവരുടെ പേരുകൾ പുതിയ ലിസ്റ്റിൽ കാണാനില്ല. എന്തായാലും അവാർഡ് ചോർച്ച അവാർഡുകളുടെ ചരിത്രത്തിൽ പുതുമ നൽകുന്ന സംഭവമായി മാറി.

കേരളത്തിലെ നാട്ടിൻ പുറത്ത് വാഴയ്ക്ക അപ്പം വാങ്ങിയാൽ ഗുണം രണ്ടാണ്. ആദ്യം പിഴിഞ്ഞ് എണ്ണ തലയിൽ തേയ്ക്കാം. രണ്ടാമത് തിന്നുകയും ചെയ്യാം. അതുപോലെയാണ് സിനിമരംഗത്തു നൽകുന്ന അവാർഡ്. നായികക്കും ഗായികയ്ക്കും അവാർഡ് നൽകി ആദരിക്കുന്നതോടൊപ്പം അവരുടെ കലാപരിപാടികളും സംഘടിപ്പിക്കാൻ കഴിയുമെന്ന് കരുതാം. അവാർഡ് സ്വീകരിക്കാനാണോ അതോ പരിപാടി അവതരിപ്പിക്കാനാണോ സർക്കാർ വിസ നൽകിയിരിക്കുന്നതെന്ന് കാത്തിരുന്നു കാണാം.

'ജിഎംസി' ഗ്ലോബൽ എക്സലൻസി അവാർഡുകൾ പ്രഖ്യാപിച്ചു
റെജി പാറയ്ക്കൻ

Wed Nov 11 22:47:22 GMT 2009

മെൽബൺ: ഗ്ലോബൽ മലയാളി കൗൺസിലിന്റെ ഈ വർഷത്തെ ഗ്ലോബൽ എക്സലൻസി അവാർഡുകൾ പ്രഖ്യാപിച്ചു. സാമൂഹിക, സാംസ്കാരിക, ബിസിനസ് രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവർക്കാണ് അവാർഡ്. ജോസ്കോ ഗ്രൂപ്പിന്റെ മാനേജിങ് ഡയറക്ടർ ടോണി ജോസ്, ബാംഗ്ലൂർ ആസ്ഥാനമായ കോറൽഗ്രൂപ്പിന്റെ എംഡി സുനിൽ കുമാർ, ദുബായ് ആസ്ഥാനമായ എവിവി ഗ്രൂപ്പിന്റെ ചെയർപേഴ്സൺ പ്രേമ പിള്ള എന്നിവർ ബിസിനസ് ലോകത്തു നിന്നും തിരഞ്ഞെടുക്കപ്പെട്ടു.

സിനിമ ലോകത്തു നിന്നു ലാൽ ജോസ്, കാവ്യാ മാധവൻ, പിന്നണി ഗായിക റിമി ടോമി എന്നിവരും, തോമസ് ചാഴികാടൻ എംഎൽഎ, പ്രവാസി എഴുത്തുകാരി ഷീലാ പോൾ എന്നിവരും ഈ പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് എന്ന് ജിഎംസി ഗ്ലോബൽ ചെയർമാൻ വർഗീസ് മൂലൻ അറിയിച്ചു.

നവംബർ 22ന് മെൽബണിലെ കിസ്റ്റ് ബ്രോ സെർബിയൻ ഹാളിൽ നടക്കുന്ന ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്യുമെന്ന് ഗ്ലോബൽ മീറ്റിങ് –2009ന്റെ ജനറൽ കൺവീനർ തോമസ് കൊട്ടാരക്കരയും സെക്രട്ടറി ജോസ് എം. ജോർജും അറിയിച്ചു.

മെൽബൺ

## Global Malayalee Council

THE LARGEST ORGANIZATION OF RESIDENT & NON-RESIDENT KERALITES
E-mail: mail@globalmalayalee.com website: www. globalmlayalee.com
Business Enhancement, Educational Development, Health Awareness, Cultural Exchange & Social Welfare

| Regd. Office: | Office in Europe: | Middle East Office: | Far East Office: | Admn. Office: |
|---|---|---|---|---|
| P. O. Box 95, | Nord Str. 43 | P. O. Box 63436 | No. 4, Imperia cross | 9213 Ozark Avenue |
| Angamaly - 683 572 | 53859 Niederkassel | Dammam 31516, | Narre Warren South | Morton Grove, |
| Kerala, I N D I A | (Koeln-Bonn)Germany | Saudi Arabia | Victoria 3805, Australia | Chicago,IL60053,USA |

## GLOBAL MALAYALEE MEET - 2009

Dear Friends,

**We have great pleasure to announce that GMC has completed 10 years in its selfless service to the Keralite society. During its celebrations at Melbourne and Brisbane in Australia, during Nov. 19-26, we have pleasure to honor outstanding personalities who have contributed to the development of India, especially Kerala in various aspects.**

**GLOBAL EXCELLENCE AWARDS GIVEN TO FOLLOWING KERALITE PERSONALITIES FOR THEIR COMPREHENSIVE CONTRIBUTION TO THE KERALITE COMMUNITY.**

**WINNERS OF GLOBAL EXCELLENCE AWARDS-2009**

**Global Excellence Award-2009, FOR BUSINESS:**
**Mr. Tony Jose, Managing Director, JOSCO Group.**
**Mr. Suni Kumar, Managing Director, CORAL GROUP, .**
**MRS. Prema Pillai, Chairman ABP group in Dubai, Port folio group Qatar etc.**

**Global Excellence Award-2009 for CINEMA**
**Mr. Lal Jose, Director**
**Ms. Kavya Madhavan**
**Ms. Rimi Tomy**

**Global Excellence Award-2009 for Print Media:**
**Mr. Vivek Anad, Chief Editor, Gulf Today, Al Kaleej Arab Daily Editorial Board Member.**

**Global Excellence Award-2009 for Visual Media:**
**Mr. Sreekantan Nair, Program executive, Asianet Television channel.**

**Global Excellence Award-2009 for NRI writer:**
**Mrs. Sheela Paul, Dubai, Executive Editor, Malayala Nadu Biweekly, poet and columnist.**

**Global Excellence Award-2009 for Best Legislature:**
**Mr. Thomas Chazhikkadan, 3 times MLA, winner of Nehru peace award and the person behind the full development of Mahatma Gandhi University.**

**THE AWARDS WILL BE BESTOWED ON NOVEMBER 23, 2009 AT SIBERIAN ORTHODOX HALL, KEYSBOUROUGH, VICTORIA SOUTH, MELBOURNE, DURING THE CLOSING CEREMONY OF GLOBAL MALAYALEE MEET – 2009**

Global Meet Coordination Off: No. 4, Imperia Cross, Narre warren South, Victoria 3805 Tel. +61 3 97050095

# മനോരമ വാർത്തയും വസ്തുതയും

### സ്വന്തം ലേഖകൻ

മെൽബൺ: വിവരക്കേടുകൾ വാർത്തകളായി രൂപാന്തരം കൊള്ളുമ്പോൾ ഏത് സാധാരണ മനുഷ്യരും പ്രതികരിക്കുക സ്വാഭാവികം. എന്നാൽ ചിലർ താൻ വിവരക്കേടുകൾ മാത്രമേ പറയൂ എന്ന് ശഠിച്ചാൽ എന്തു ചെയ്യും.

മലയാള മനോരമയുടെ പ്രവാസി പേജിൽ ആർക്കും എന്തും എഴുതി വിടാം – പ്രത്യേകിച്ച് മലയാളം വായിക്കാൻ അറിയാത്തവരെക്കുറിച്ച് ആകുമ്പോൾ. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 87 ൽപ്പരം അക്രമ സംഭവങ്ങൾ ഇന്ത്യൻ വിദ്യാർഥികൾക്കുനേരെ ഓസ്ട്രേലിയയുടെ വിവിധ ഭാഗങ്ങളിൽ ഉണ്ടായി. ഇതിൽ ഏഴ് മലയാളി വിദ്യാർഥികളും ഉൾപ്പെടുന്നു. പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്ത സംഭവങ്ങൾ മാത്രമാണിത്. മലയാളി വിദ്യാർഥികൾക്ക് നേരെയുണ്ടായ മർദ്ദനങ്ങളിൽ ഏറ്റവും ഭീകരവും ഗുരുതരവുമായത് ആലപ്പുഴ സ്വദേശി ബിജു ജോസഫിൻെറതായിരുന്നു.

ഓസ്ട്രേലിയൻ ഭരണാധികാരികൾ സംഭവങ്ങളെ ഗൗരവമായി കാണുകയും ശക്തമായ നടപടികൾ കൈക്കൊള്ളുക മാത്രമല്ല സംഭവങ്ങളിൽ പലതും വംശീയ അക്രമങ്ങളാണെന്ന് സമ്മതിക്കുകയും ചെയ്തു. ഏറ്റവും ഒടുവിൽ ഇന്ത്യ സന്ദർശിച്ച ഓസ്ട്രേലിയൻ പ്രധാനമന്ത്രി കെവിൽ റഡ് ഇന്ത്യൻ വിദ്യാർഥികൾക്കുനേരെയുണ്ടായ അക്രമങ്ങളിൽ മാപ്പ് ചോദിക്കുകയും വംശീയ അതിക്രമങ്ങൾ നടന്നുവെന്ന് സമ്മതിക്കുകയും ചെയ്തു.

എന്നാൽ മനോരമയിലെ മാധ്യമ വിദഗ്ധന് വംശിയ അതിക്ഷേപമോ അക്രമമോ ഉണ്ടായിട്ടില്ല. മാത്രമല്ല ഈ സംഭവങ്ങൾക്ക് ഉത്തരവാദികൾ മറ്റു രാജ്യക്കാരാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

സംഭവങ്ങളിൽ ഒന്നും തന്നെ ഒരു പാക്കിസ്ഥാൻ കാരനോ അഫ്ഗാനിസ്ഥാൻകാരനോ പ്രതികളായിട്ടില്ല. മർദ്ദനങ്ങൾക്ക് വിധേയമായ വിദ്യാർഥികളിൽ പകുതിയിലേറെ പേരെ ആശുപത്രിയിലും മറ്റും പോയി കാണുവാനും വിവരങ്ങൾ ശേഖരിക്കുവാനും സാഹചര്യമുണ്ടായ ഒരു മാധ്യമ പ്രവർത്തകനാണ് ഞാൻ. ഇന്ത്യൻ സ്റ്റുഡൻസ് മാഗസിനിൽ തുടർച്ചയായി ഈ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ മനോരമ വായിച്ചപ്പോഴാണ് പാക്കിസ്ഥാൻകാരാണ് അക്രമികളെന്ന് പറയുന്നത്. കേരളത്തിലെ ഏറ്റവും പ്രചാരമുള്ള ഒരു പത്രത്തിൻെറ ഇൻറർനെറ്റ് പേജ് ഇങ്ങനെ തെറ്റായ വാർത്തകളാൽ ദുരുപയോഗം ചെയ്യുന്നതുകൊണ്ട് മാത്രമാണ് വായനക്കാരുടെ അറിവിലേക്ക് ഈ കുറിപ്പ് എഴുതേണ്ടിവന്നതും.

പാക്കിസ്ഥാൻകാർക്ക് മലയാളം അറിയാത്തതുകൊണ്ട് അവർ പ്രതികരിക്കില്ല. മറ്റൊരു അസത്യ പ്രസ്താവന ആകട്ടെ അക്രമങ്ങൾക്ക് എല്ലാം കാരണം 'പഞ്ചാബി'കളാണെന്ന വെളിപ്പെടുത്തലാണ്. പഞ്ചാബികൾക്കും മലയാളമറിയാത്തതുകൊണ്ട് അവരും പ്രതികരിക്കില്ല. എന്നാൽ ഇന്ത്യയിൽ നിന്നും വന്നവരിൽ ബഹുഭൂരിപക്ഷമുള്ള പഞ്ചാബി സമൂഹത്തിനുമേൽ മുഴുവൻ കുറ്റവും ആരോപിക്കുന്നത് വിവരക്കേടാണോ അതോ മറ്റെന്തെങ്കിലും കുറവുകൊണ്ടാണോ എന്ന് ആലോചിക്കണം. അസത്യവും പത്രധർമത്തിന് നിരക്കാത്തതുമായ ഈ വാർത്തയും ഇൻറർവ്യൂവും അടിയന്തിരമായി പിൻവലിക്കാൻ മനോരമ മാനേജ്മെൻറ് തയ്യാറാകുകയാണ് വേണ്ടത്. കാരണം വർഗീയതയും വംശീയതയും നിറഞ്ഞതാണ് പ്രസ്തുത റിപ്പോർട്ട്. ഇത് ഒരു ലക്ഷത്തോളം വരുന്ന ഇന്ത്യൻ വിദ്യാർഥികളുടെ വികാരമാണ്.

#### മറ്റൊരു പുരസ്കാരം

പ്രവാസി പേജുകളിൽ കണ്ട മറ്റൊരു വാർത്തയാണിത്. കഴിവും യോഗ്യതയുമുള്ള കുട്ടികളെ അംഗീകരിക്കുകതന്നെ വേണം. മെൽബണിലെ സ്കൂളുകളിൽ പഠിക്കുന്ന നിരവധി മലയാളി കുട്ടികൾ സംഗീതത്തിലും നൃത്തത്തിലും കായികരംഗത്തും സർവോപരി പഠനത്തിലും മികവ് പുലർത്തുന്നവരാണ്. പലപ്പോഴും പലവിധ അംഗീകാരങ്ങളും പുരസ്കാരങ്ങളും അവർക്ക് ലഭിക്കാറുമുണ്ട്.

എന്നാൽ ഈയിടെ ശ്രദ്ധയിൽപ്പെട്ട ഒരു പുരസ്കാര വാർത്തയുടെ ഉറവിടം തേടി പ്രസ്തുത സ്കൂളിൽ അന്വേഷിച്ചപ്പോഴാണ് പത്രത്തിൽ പ്രതിപാദിക്കുന്ന 'വിഷയം' ഞങ്ങൾക്ക് അറിയില്ലെന്ന് അധികൃതർ അറിയിച്ചത്. എന്തായാലും ഇതുസംബന്ധിച്ച് കൂടുതൽ വിശദീകരണത്തിലേക്ക് കടക്കുന്നില്ല. ചപലമായ പ്രശസ്തിക്കുവേണ്ടിയുള്ള പ്രയാണത്തിൽ കുട്ടികളെയെങ്കിലും വെറുതേ വിടുക.

രണ്ടരവർഷമായി സകുടുംബം ഓസ്ട്രേലിയയിലെ മെൽബണിൽ താമസമാണ് റെജി പാറയ്ക്കൻ. നാലു വർഷത്തോളം യുകെയിൽ ആയിരുന്നു. മറുനാട്ടിലെത്തിയിട്ടും സംഘടനാ പ്രവർത്തനം കൈവിട്ടില്ല. ഗ്ലോബൽ മലയാളി കൗൺസിലിന്റെ ഓസ്ട്രേലിയൻ പ്രൊവിൻസിന്റെ പ്രസിഡന്റാണ് അദ്ദേഹം. പ്രവാസി വാർത്ത എന്ന മലയാളം പത്രത്തിന്റെ ചീഫ് എഡിറ്ററുമാണ്.

**ഓസ്ട്രേലിയയിൽ ഇന്ത്യാക്കാർ സുരക്ഷിതരോ?**
ഓസ്ട്രേലിയയെക്കുറിച്ച് ഒരു ശരാശരി മലയാളിക്ക് പല ആശങ്കകളുമുണ്ട്. രണ്ടര വർഷമായി അവിടെ താമസിക്കുന്ന ഒരു പ്രവാസി എന്ന നിലയ്ക്ക് എന്റെ അഭിപ്രായത്തിൽ ഓസ്ട്രേലിയ ഇപ്പോഴും ശാന്തവും സുരക്ഷിതവുമാണ്. ഇന്ത്യാക്കാർക്കെതിരായി അവിടെ നടക്കുന്നത് വംശീയാക്രമണമല്ല. അക്രമങ്ങൾ ഉണ്ടാകുന്നുണ്ട്. പക്ഷെ അവ നടത്തുന്നത് തദ്ദേശീയരല്ല. കൂടുതലും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട, പാക്ക് –അഫ്ഗാൻ പൗരന്മാരുൾപ്പെട്ട അക്രമിസംഘങ്ങളാണ്. ഒന്നോ രണ്ടോ അക്രമങ്ങളിൽ മാത്രമാണ് ഓസ്ട്രേലിയക്കാർ ഉൾപ്പെട്ടിട്ടുള്ളത്.

**ഇന്ത്യയുടെ നയതന്ത്ര ഇടപെടൽ**
ഇന്ത്യയിൽ നിന്നുള്ള മന്ത്രിമാരും ദേശീയ നേതാക്കളും ഓസ്ട്രേലിയൻ ഭരണാധികാരികളുമായി ബന്ധപ്പെട്ടു. ഇന്ത്യൻ കോൺസുലേറ്റും വിക്ടോറിയൻ ഗവൺമെന്റിന്റെ മേൽ സമ്മർദ്ദം ചെലുത്തി. ഇതിന്റെ ഫലം കണ്ടുതുടങ്ങി. ആദ്യമൊക്ക അലംഭാവം കാട്ടിയിരുന്ന പൊലീസ് ഉണർന്നു പ്രവർത്തിക്കാൻ തുടങ്ങി.

